# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 515 - 11.06.2013-ലെ മറുപടിക്ക്

### 2012 -2013 ലെ വാർഷിക പദ്ധതി നടത്തിപ്പ്

**ചോദ്യം**
**ശ്രീ. വി. ചെന്താമരാക്ഷൻ**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമവർഷമായ 2012 - 2013 ലെ വാർഷിക പദ്ധതിയുടെ പുതുക്കിയ പദ്ധതിയനുസരിച്ചുള്ള മൊത്തം തുക എത്രയായിരുന്നു; കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഉൾപ്പെടുത്തിയിരിക്കുന്ന തുക എത്രയായിരുന്നു; പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ്ഗ ഉപ പദ്ധതിക്കുള്ള സഹായം എത്ര കോടി ആയിരുന്നു; എൻ. എൽ.ഡി.സി യുടെ ധനസഹായം എത്രയായിരുന്നു; നബാർഡിന്റെ അർ.ഐ.ഡി.എഫ് വിഹിതം എത്രയായിരുന്നു ; | 2012-13 വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ തുക 14010 കോടി രൂപയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2176.60 കോടി രൂപ വകയിരുത്തിയിരുന്നു. പ്രത്യേക ഘടക പദ്ധതി/ഗിരി വർഗ്ഗ ഉപ പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായമായി 16 കോടി രൂപയും നബാർഡിൽ നിന്നുള്ള ആർ.ഐ.ഡി.എഫ് വിഹിതമായി 525 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) 2012 - 2013 ലെ വാർഷിക പദ്ധതി നടത്തിപ്പിന് ശേഷമുള്ള കണക്കുകൾ പ്രകാരം മേൽപ്പറഞ്ഞ ഓരോ ഇനത്തിലും എത്ര തുക വീതം ചെലവഴിക്കപ്പെട്ടു; അവ ഓരോന്നും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമായിരുന്നു ; വിശദമാക്കാമോ ? | വകുപ്പുതല കണക്കുകൾ പ്രകാരം 2012-13 ൽ സംസ്ഥാന പദ്ധതി ഇനത്തിൽ 12572.84 കോടി രൂപയും (90%) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 1592.69 കോടി രൂപയും (73%) പ്രത്യേക ഘടക പദ്ധതി/ഗിരി വർഗ്ഗ ഉപ പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിൽ 15.95 കോടി രൂപയും (100%) ആർ.ഐ.ഡി.എഫ് പദ്ധതികളിൽ 345.68 കോടി രൂപയും (66%) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ